# മറ്റു പ്രാർത്ഥനകൾ

### 1. രക്ഷ പ്രാപിക്കുവാനായി

ഓ എന്റെ കർത്താവേ, എന്നെ അങ്ങയുടെ രാജ്യത്തിലേക്ക് നയിക്കുകയും, എന്റെ ആത്മാവിനെ ആവരണം ചെയ്തിരിക്കുന്ന അന്ധകാരത്തിൽ നിന്നും സംരക്ഷിക്കുകയും ചെയ്യേണമേ. ഓ ദിവ്യ ഹൃദയമേ, എന്നെ ശ്രവിക്കേണമേ. അങ്ങയുടെ നന്മയാൽ, അങ്ങയുടെ സ്നേഹത്തിന്റെയും സംരക്ഷണത്തിന്റെയും പ്രകാശം തെളിയുമാറാകട്ടെ.

### 2. നിരീശ്വരവാദിയുടെ പ്രാർത്ഥന.

ദൈവമേ, അങ്ങാണ് സത്യമെങ്കിൽ, അങ്ങയുടെ സ്നേഹത്തിന്റെ അടയാളം എനിക്ക് വെളിപ്പെടുത്തിത്തരേണമേ. സഹായം സ്വീകരിക്കുവാൻ എന്റെ ഹൃദയത്തെ തുറക്കേണമേ. അങ്ങ് ഉണ്ടെങ്കിൽ, ഞാൻ അങ്ങയുടെ സ്നേഹം അനുഭവിക്കുവാനിടയാകട്ടെ. അങ്ങനെ എനിക്ക് സത്യം ദർശിക്കുവാൻ സാധിക്കട്ടെ. ഇപ്പോൾ എനിക്കായി പ്രാർത്ഥിക്കേണമേ.

### 3. പ്രാർത്ഥിക്കുന്നവരെ കളിയാക്കുകയോ, ശകാരിക്കുകയോ ചെയ്യുന്ന അവിശ്വാസികൾക്കുവേണ്ടി.

എന്റെ പ്രിയ കർത്താവേ, എനിക്ക് പ്രിയപ്പെട്ട സഹോദരനെ/സഹോദരിയെ അങ്ങയുടെ മൃദുല കരങ്ങളിലേക്ക് എടുക്കുവാനായി യാചിക്കുവാൻ, എന്റെ കരങ്ങളെ അങ്ങയുടെ പക്കലേക്ക് ഞാൻ ഉയർത്തുന്നു. നിത്യ രക്ഷയിലേക്ക് അവർ നയിക്കപ്പെടുവാൻ, അങ്ങയുടെ തിരുരക്തത്താൽ അവരെ അനുഗ്രഹിക്കുകയും, അങ്ങയുടെ സ്നേഹത്തിന്റെ ആത്മാവിനെ സ്വീകരിക്കുന്നതിനാവശ്യമായ കൃപ അവർക്കു നൽകുകയും ചെയ്യേണമേ.

### 4. ഈശോ, തന്റെ സാന്നിദ്ധ്യം നിനക്കു വെളിപ്പെടുത്തുന്നതിനായി.

ഈശോയേ, എന്നിൽ നഷ്ടബോധം നിറഞ്ഞിരിക്കുന്നു. അങ്ങയുടെ സ്നേഹം സ്വീകരിക്കുവാൻ, എന്റെ ഹൃദയത്തെ തുറക്കുകയും, ഞാൻ രക്ഷിക്കപ്പെടുവാനായി, സത്യത്തെ എനിക്ക് കാണിച്ചു തരികയും ചെയ്യേണമേ.

### 5. മറ്റുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ.

ഈശോയേ, നിസ്സംഗതരായ ആത്മാക്കളിൽ പരിവർത്തനമുണ്ടാകുവാനായി, അങ്ങയുടെ ദിവ്യ കരുണയാൽ, അവിടുത്തെ തിരുരക്തംകൊണ്ട് അവരെ മൂടേണമേയെന്ന് ഞാൻ യാചിക്കുന്നു.

### 6. പ്രോത്സാഹനത്തിനായുള്ള പ്രാർത്ഥന.

അങ്ങയുടെ നാമത്തിൽ രക്ഷിക്കപ്പെടുവാൻ ഞാൻ സഹായിക്കേണ്ടവരായവരുടെ പക്കലേക്ക് അങ്ങയുടെ തിരുവചനം എത്തിക്കുവാൻ, അങ്ങയുടെ പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ, ഓ കർത്താവേ, എന്നെയിപ്പോൾ നിറക്കേണമേ. അങ്ങയുടെ വിലയേറിയ രക്തത്താൽ, എന്റെ പ്രാർത്ഥനയിലൂടെ, അവരെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ, എന്നെ സഹായിക്കേണമേ. അതുമൂലം, അവർ അങ്ങയുടെ തിരുഹൃദയത്തിലേക്ക് അടുക്കുവാനിടയാകട്ടെ. ഈ എളിയ ആത്മാക്കൾ, അങ്ങയുടെ പുതിയ പറുദീസായിൽ, ആനന്ദിക്കുവാൻ, അങ്ങയുടെ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ എനിക്ക് നൽകേണമേ.

### 7. അനുദിന പ്രാർത്ഥന.

ഓ എന്റെ അമൂല്യനായ യേശുവേ, അങ്ങയുടെ കരങ്ങളിൽ എന്നെ ആലിംഗനം ചെയ്യേണമേ. അങ്ങയുടെ തോളിൽ എന്റെ തല ചായ്ച്ച് വിശ്രമിക്കുവാൻ എന്നെ അനുവദിക്കേണമേ. അങ്ങനെ, സമയത്തിന്റെ പൂർണ്ണതയിൽ, അങ്ങയുടെ മഹത്വപൂർണ്ണമായ രാജ്യത്തിലേക്ക് അങ്ങെന്നെ ഉയർത്തുവാൻ ഇടയാകട്ടെ. നമ്മൾ ഒന്നായി ഐക്യപ്പെടുവാൻ, അങ്ങയുടെ വിലയേറിയ രക്തം എന്റെ ഹൃദയത്തിലേക്കൊഴുകുവാൻ അനുവദിക്കേണമേ.

**8. ഈ സന്ദേശങ്ങളുടെ ഉറവിടം ദൈവികമാണെന്നറിയുവാൻ.**

ഈശോയേ, ഇത് യഥാർത്ഥത്തിൽ അങ്ങുതന്നെയാണെങ്കിൽ, ഞാൻ അങ്ങയെ തിരിച്ചറിയുവാനായി, അങ്ങയുടെ സ്നേഹത്തിന്റെ അടയാളം, എന്റെ ആത്മാവിലേക്കൊഴുക്കേണമേ. വ്യാജങ്ങളാൽ വഞ്ചിതനാകുവാൻ എന്നെ അനുവദിക്കരുതേ. സത്യത്തിലേക്കും, അങ്ങയുടെ ഭൂമിയിലെ പുതിയ പറുദീസായിലേക്കും, എന്റെ നയനങ്ങളെ തുറന്ന്, അങ്ങയുടെ കരുണ എനിക്ക് കാട്ടിത്തരേണമേ.

**9. തങ്ങളുടെ ഭയത്തിൽ നിന്നും മോചിതരാകുവാൻ.**

ഈശോയേ, എന്റെ ഈ കാര്യത്തിലുള്ള എല്ലാ ആശങ്കകളും, അങ്ങയെ ഞാൻ ആത്മവിശ്വാസത്തോടെ ഭരമേൽപ്പിക്കുന്നു. അങ്ങനെ, ഈ പ്രശ്നങ്ങളിപ്പോൾ അങ്ങയുടെ തിരുഹിതമനുസരിച്ച് പരിഹരിക്കപ്പെടുവാൻ, അങ്ങയുടേതുതന്നെയായിത്തീരുന്നുവല്ലോ.

**10. എളിയവനും ലജ്ജിതനുമായ ആത്മാവിന്റെ പ്രാർത്ഥന.**

(എന്റെ നേർക്ക് നടന്നടുത്ത്, സഹായത്തിന് യാചിക്കുക. വരിക. ശിരസ്സു നമിക്കുക. നിന്റെ ലജ്ജ മാറ്റിവച്ച്, ഇപ്പോൾ നിന്നോട് ക്ഷമിക്കുവാൻ എന്നോട് യാചിക്കുക. )

**11. നഷ്ടപ്പെട്ടവരും, ആത്മീയ അന്ധരുമായ ആത്മാക്കൾക്ക്.**

അത്യുന്നതനായ ദൈവമേ, അങ്ങയുടെ അസ്തിത്വത്തെ അംഗീകരിക്കുന്നത് തിരസ്കരിക്കുന്ന എന്റെ സഹോദരരുടെയും സഹോദരിമാരുടെയും ആത്മാക്കൾക്കുവേണ്ടി കേണപേക്ഷിക്കുവാൻ, ഞാൻ അങ്ങയുടെ സിംഹാസനത്തിനു മുമ്പിൽ വരുന്നു. അങ്ങയുടെ തിരുവചനം ശ്രവിക്കുന്നതിനായി, അവരുടെ ഹൃദയങ്ങൾ തുറക്കുന്നതിന്, അങ്ങയുടെ കൃപകൊണ്ട് അവരെ നിറക്കണമേയെന്ന് ഞാനങ്ങയോട് യാചിക്കുന്നു.

**12. നടക്കുവാൻ പോകുന്ന അശുദ്ധിയെ എതിർത്തുനിൽക്കുവാൻ.**

ഓ എന്റെ സ്നേഹമുള്ള ഈശോയേ, അങ്ങയുടെ സഭയിലുള്ള എന്റെ സഹോദരന്മാരും സഹോദരിമാരും, എതിർക്രിസ്തുവിന്റെ ഇരയായിത്തീരുന്നതിൽ നിന്നും രക്ഷിക്കുവാനായി, അങ്ങയുടെ സംരക്ഷണവും കൃപയും ഞാൻ യാചിക്കുന്നു. അങ്ങയുടെ തിരുനാമത്തിൽ അതിക്രമിച്ചു കയറുന്ന ചീത്തപ്രവർത്തികളെ എതിർത്തുനിൽക്കുവാൻ, അങ്ങയുടെ കൃപയെനിക്കു നൽകുകയും, അങ്ങയുടെ ശക്തിയുടെ കവചത്താൽ എന്നെ സംരക്ഷിക്കുകയും ചെയ്യേണമേ. ഞാൻ അങ്ങയുടെ കരുണക്കായി യാചിക്കുകയും, എല്ലായ്പ്പോഴും അങ്ങയുടെ തിരുനാമത്തോടുള്ള എന്റെ വിധേയത്വം പ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു.

**13. ബോധജ്ഞാനത്തിന്റെ ദാനത്തിനായുള്ള പ്രാർത്ഥന.**

ഓ ഈശോയേ, ഈ വചനങ്ങൾ അങ്ങിൽനിന്നാണോ വരുന്നതെന്നു വിലയിരുത്തുവാനായി, അങ്ങയുടെ അമൂല്യരക്തംകൊണ്ടെന്നെ മൂടുകയും, പരിശുദ്ധാത്മാവിനാൽ നിറക്കുകയും ചെയ്യേണമേ. എന്നെ ആത്മാവിൽ എളിമപ്പെടുത്തേണമേ. എന്റെ യാചനകൾ കരുണാപൂർവ്വം സ്വീകരിച്ച്, സത്യത്തിലേക്ക് എന്റെ ഹൃദയത്തെ തുറക്കേണമേ.

**14. പിതാവായ ദൈവത്തോടുള്ള പ്രാർത്ഥനായാചന**

അത്യുന്നതനായ ദൈവമേ, അങ്ങയുടെ എളിയ മക്കളായ ഞങ്ങളെ നരകാഗ്നിയിൽ നിന്നും രക്ഷിക്കുവാനായി, അങ്ങ് ബലി നൽകിയ അങ്ങയുടെ പ്രിയസുതനായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ. മുന്നറിയിപ്പിന്റെ നേരത്ത് എല്ലാ ആത്മാക്കളുടെയും രക്ഷനേടുവാനുള്ള മാർഗ്ഗമായി, ഞങ്ങളുടെ എളിയ ത്യാഗങ്ങൾ സമർപ്പിക്കുകയും, പരീക്ഷണങ്ങളും, പീഢനങ്ങളും സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങയുടെ പരിശുദ്ധ ദൃഷ്ടിയിലും കാരുണ്യത്തിന്റെ നന്മയാലും, അവരെ വീണ്ടെടുക്കുവാൻ അനുയോജ്യമെന്നു കരുതുന്ന ത്യാഗങ്ങൾ സഹിക്കുവാനും മനസ്സുതിരിയുവാനും വിസമ്മതിക്കുന്ന പാപികളോട് ക്ഷമിക്കണമേയെന്ന് ഞാൻ യാചിക്കുന്നു.

**15. ആസൂത്രണം ചെയ്യുന്ന പീഠനസാഹചര്യം ലഘൂകരിക്കുവാൻ.**

പിതാവായ ദൈവമേ, അങ്ങയുടെ മക്കളെ നിയന്ത്രിക്കുവാനുള്ള അശുദ്ധ പ്രവർത്തിയെ തടയണമേയെന്ന്, അങ്ങയുടെ പ്രിയസുതനായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാനങ്ങയോട് കേണപേക്ഷിക്കുന്നു. ദുഷ്ടനിൽ നിന്നും മോചിതനായി, സമാധാനത്തോടും അഭിമാനത്തോടും കൂടി ജീവിക്കുവാൻ, ഈ ഭയാനകമായ നേരത്ത്, അങ്ങയുടെ എല്ലാ മക്കളേയും കാത്തുകൊള്ളേണമേ.

**16. നിരാശ തോന്നുമ്പോൾ ഉറച്ചു നിൽക്കുവാൻ.**

ഈശോയേ, അങ്ങേയ്ക്കെന്നെ ശ്രവിക്കുവാൻ സാധിക്കുമെങ്കിൽ,
സഹായത്തിനായുള്ള എന്റെ വിളി ശ്രദ്ധിക്കേണമേ.
എന്നെ വേദനപ്പിക്കുന്നവരുമായി ഇടപെടുവാൻ
എന്നെ സഹായിക്കേണമേ.
അസൂയ എന്റെ ജീവതത്തെ പിടിമുറുക്കുന്നതും
എന്റെതല്ലാത്തവ ആഗ്രഹിക്കുന്നതും
തടയുവാൻ എന്നെ സഹായിക്കേണമേ.
അതിനു പകരമായി, പ്രിയ ഈശോയേ,
എന്റെ ഹൃദയത്തെ അങ്ങിലേക്ക് തുറക്കേണമേ.
യഥാർത്ഥ സ്നേഹമായ അങ്ങയുടെ സ്നേഹവും,
എന്റെ ഹൃദയത്തിൽ യഥാർത്ഥ സമാധാനവും,
അനുഭവിക്കുവാനിടയാക്കേണമേ. ആമ്മേൻ.

**17. വിനീതരായിത്തീരുവാനൻ.**

സ്വർഗ്ഗീയ പിതാവേ, അങ്ങയുടെ ദൃഷ്ടിയിൽ, ഒരു ശിശുവിനേപ്പോലെ എളിയവനായിത്തീരുവാൻ എന്നെ സഹായിക്കേണമേ. അങ്ങയുടെ എല്ലാ മക്കളേയും രക്ഷിക്കുവാൻ പ്രത്യുത്തരിക്കുന്നതിനായി, അങ്ങയുടെ കൃപ എന്റെമേൽ ചൊരിയേണമേയെന്ന് ഞാൻ യാചിക്കുന്നു. ആമ്മേൻ.

**18. ജ്ഞാനം, ശാന്തത, വിവേചനം എന്നീ കൃപക്കായി.**

ഓ ഈശോയേ, ഞാൻ അങ്ങയെ നിരസിക്കുവാൻ എത്രമാത്രം നിർബന്ധിതനായാലും, എല്ലായ്പ്പോഴും അങ്ങയുടെ തിരുവചനത്തിന്റെ സത്യം ദർശിക്കുവാനും, അങ്ങയുടെ പ്രബോധനങ്ങളോട് വിധേയത്വമുള്ളവനായിരിക്കുവാനും എന്നെ സഹായിക്കേണമേ.

**19. പുതിയ പറുദീസായിലേക്കുള്ള പ്രവേശനത്തിനായി.**

പ്രിയ പിതാവേ, അങ്ങയുടെ നഷ്ടപ്പെട്ട പുത്രനും, ആശയക്കുഴപ്പത്തിലായിരിക്കുന്നവനും, അന്ധനുമാണ് ഞാൻ. അങ്ങയുടെ സ്നേഹവും സഹായവും കൂടാതെ, ഞാൻ ഒന്നുമല്ല. അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ സ്നേഹത്തിലൂടെ എന്നെ രക്ഷിക്കേണമേ. ഭൂമിയിലെ അങ്ങയുടെ പുതിയ പറുദീസായുടെ താക്കോൽ എനിക്കു നൽകേണമേ. ആമ്മേൻ.

**20. വിനീത ദാസന്റെ പ്രവേശന പ്രാർത്ഥന.**

ഈശോയേ, ഞാൻ പാപം ചെയ്തുപോയി. എന്നോട് ക്ഷമിക്കേണമേ.

**21. ഈശോയോട് സത്യമായ സ്നേഹം പ്രകടമാക്കുന്ന പ്രർത്ഥന.**

ഈശോയേ, അങ്ങയുടെ ഹിതമാണ് എല്ലായ്പ്പോഴും വേണ്ടത്. എന്റെ സ്വതന്ത്രമനസ്സ് അങ്ങയുടേതാണ്. അങ്ങ് ആഗ്രഹിക്കുന്നതുപോലെ അതെ ടുത്തുപയോഗിക്കുക.

**22. നിന്റെ നാമത്തിൽ, യേശുക്രിസ്തു ഇടപെടുവാനായി.**

ഈശോയേ, എന്റെ പിതാവിന്റെ പക്കലേക്ക്, അങ്ങയുടെ സങ്കേതത്തിൽ എന്നെ കൊണ്ടുപോയി എനിക്ക് നിത്യ രക്ഷ നൽകേണമേ.

ശുഭം